പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 152 27.06.2011 - ൽ മറുപടിക്ക്

## മാവേലി സ്റ്റോർ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യ സാധനങ്ങളുടെ ദൗർലഭ്യം

**ചോദ്യം**

ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ

(എ) മാവേലി സ്റ്റോറുകൾ വഴിയും സപ്ലൈകോ സൂപ്പർ മാർക്കറ്റുകൾ വഴിയും വിതരണം ചെയ്യുന്ന ചില ഭക്ഷ്യ സാധനങ്ങൾക്ക് ദൗർലഭ്യം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം സാധനങ്ങൾക്കാണ് ദൗർലഭ്യം നേരിടുന്നതെന്നും അവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളെന്തെല്ലാമെന്നും വെളിപ്പെടുത്തുമോ ?

**ഉത്തരം**

ശ്രീ. ടി. എം. ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

(എ & ബി ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

എന്നാൽ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന ചെറുപയർ, കടല എന്നിവ ചില വിൽപ്പന ശാലകളിൽ സ്റ്റോക്കില്ലാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാർ പദ്ധതിയിൽപ്പെടുത്തി നൽകി വന്നിരുന്ന ചെറുപയർ, കടല എന്നിവ കഴിഞ്ഞ കുറച്ചു മാസങ്ങളായി ലഭിക്കാത്തതിനാൽ ഇവയുടെ ദൗർലഭ്യമുണ്ട്. കേന്ദ്രസർക്കാർ ഏജൻസിയുമായി ബന്ധപ്പെട്ട് ഇവ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ